ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന ഐ.എ.വൈ.യുടെ യൂണിറ്റ് കോസ്റ്റ് എല്ലാ വിഭാഗങ്ങൾക്കും 70,000 രൂപയാണ്. എന്നാൽ സംസ്ഥാനത്ത് ഇത് പട്ടികജാതി, ജനറൽ വിഭാഗങ്ങൾക്ക് രണ്ട് ലക്ഷം രൂപയായും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2.5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) 2014-15-ലെ ഐ.എ.വൈ. നടപ്പിലാക്കുവാൻ കേന്ദ്ര, സംസ്ഥാന വിഹിതമായി ആകെ 42995.68 ലക്ഷം രൂപ ലഭ്യമാക്കേണ്ടതായിരുന്നു.

(ഡി) 2014-15-ൽ 21433.78 ലക്ഷം രൂപ കേന്ദ്ര, സംസ്ഥാന വിഹിതമായി ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) 2014-15-ൽ എഗ്രിമെന്റ് വച്ച 15,216 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി വീടുകളുടെ പണി പുരോഗതിയിലാണ്.

സാമൂഹിക-സാമ്പത്തിക-ജാതി സെൻസസ്

39 (2671) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹിക സാമ്പത്തിക ജാതി സെൻസസ് എല്ലാ ജില്ലയിലും പൂർത്തീകരിക്കുകയുണ്ടായോ ; കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായോ ;

(ബി) പൊതുജനങ്ങൾക്ക് കരട് ലിസ്റ്റ് എവിടെ നിന്നാണ് ലഭ്യമാകുന്നത് ;

(സി) കരട് ലിസ്റ്റിനെ സംബന്ധിച്ച ആക്ഷേപങ്ങൾ ആർക്കാണ് നൽകേണ്ടത് ; ആക്ഷേപങ്ങൾ നൽകുന്നതിനുള്ള അവസാന തീയതി എന്നാണ് ;

(ഡി) ഫൈനൽ ലിസ്റ്റ് എപ്പോൾ പ്രസിദ്ധീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ?

ഉത്തരം

(എ) സാമൂഹിക-സാമ്പത്തിക-ജാതി സെൻസസ് സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും എന്യൂമറേഷൻ ഘട്ടം പൂർത്തിയാക്കി കരട് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയും ആയതിന്മേലുള്ള പരാതി പരിഹരിക്കലും പൂർത്തിയായിട്ടുണ്ട്. 19-5-2014 തീയതിയിൽ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കരട് ലിസ്റ്റ് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളിൽനിന്നും ലഭ്യമാണ്.

(സി) സാമൂഹിക-സാമ്പത്തിക-ജാതി സെൻസസിന്റെ ചുമതലയുള്ള ജില്ലാ കളക്ടർ, പഞ്ചായത്ത്/മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർ, വാർഡ് റവന്യൂ ഓഫീസർ, ജൂനിയർ എഞ്ചിനീയർ, സാനിട്ടറി സൂപ്പർവൈസർ/ഹെൽത്ത് ഇൻസ്പെക്ടർ തുടങ്ങിയ കാറ്റഗറിയിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർക്ക് ആക്ഷേപങ്ങൾ നൽകാവുന്നതാണ്. ആരോപണങ്ങൾ നൽകുന്നതിനുള്ള അവസാന തീയതി 28-2-2015 ആയിരുന്നു.

(ഡി) സാമൂഹിക-സാമ്പത്തിക-ജാതി സെൻസസിന്റെ 9 ജില്ലകളുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതിനായി NIC-ക്ക് അയച്ചു നൽകിയിട്ടുണ്ട്. 4 ജില്ലകളുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. ഒരു ജില്ലയുടെ പരാതി പരിഹരിക്കൽ ഘട്ടം പൂർത്തിയായി ഡാറ്റാ എൻട്രി നടന്നുവരുന്നു. മുഴുവൻ ജില്ലകളുടെയും അന്തിമ ലിസ്റ്റ് 30-6-2015-നകം പ്രസിദ്ധപ്പെടുത്തുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

ബ്ലോക്ക് പഞ്ചായത്ത് അതിർത്തികളുടെ പുനഃക്രമീകരണം

40 (2672) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്ലോക്ക് പഞ്ചായത്ത് അതിർത്തികൾ പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ബി) പുതിയ മുനിസിപ്പാലിറ്റികളുടെ രൂപീകരണത്തോടെ മൂന്നോ അതിൽ താഴെയോ പഞ്ചായത്തുകളുള്ള എത്ര ബ്ലോക്ക് പഞ്ചായത്തുകളാണ് സംസ്ഥാനത്തുണ്ടായതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആലോചിക്കുന്നുണ്ട്.

(ബി) ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃക്രമീകരണ പ്രക്രിയ പൂർത്തിയാക്കിയിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly